SUNDAY 01/12/2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA


Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/12/2024

1. കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ കർഷക രജിസ്ട്രി. കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തന ക്ഷമമാകുന്നതിന്റെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ പേപ്പർ രഹിതവും സുഗമവുമായുള്ള വിള വായ്പകൾ, തടസ്സങ്ങളില്ലാതെയുള്ള വിള സംഭരണം തുടങ്ങിയവ കർഷകർക്ക് ഗുണകരമായ രീതിയിൽ ലളിതവത്ക്കരിക്കുന്നതിനായുള്ള കർഷക കേന്ദ്രീകൃത ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാൻ കർഷക രജിസ്ട്രി സഹായിക്കും. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും. കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ തന്നെ കേന്ദ്ര സർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തു നോക്കി ശരിയാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിൽ പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർക്ക് കർഷക രജിസ്ട്രിയിൽ

വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ കൃഷിഭവന്റെയോ സഹായം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ, 0471 -2309122, 2303990, 2968122 എന്നീ ഹെല്പ് ഡെസ്ക് നമ്പരുകളിലോ വിളിക്കേണ്ടതാണ്. കതിർ ആപ്പ് ഡൗൺലോഡ് ചെയ്തും കർഷക രജിസ്ട്രി ചെയ്യാവുന്നതാണ്.

2. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരളകർഷകൻ മാസികയുടെ വരിസംഖ്യ ഇനി ഓൺലൈനായി അടയ്ക്കാം. ഒരു വർഷത്തേക്കുള്ള വരിക്കാരാകുന്നതിന് 200 രൂപ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ വെബ് സൈറ്റ് ആയ subscription.fibkerala.gov.in വഴി വരിസംഖ്യ അടയ്ക്കാവുന്നതാണ്. വാർഷിക വരിസംഖ്യ 200 രൂപയാണ്. കൂടാതെ വിദേശത്തുള്ളവർക്കുൾപ്പെടെ കേരളകർഷകൻ ഓൺലൈൻ വരിക്കാരനാകുന്നതിനും subscription.fibkerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഓൺലൈൻ വാർഷിക വരിസംഖ്യ 100 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9383470288 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ട്രാക്ടർ, ടില്ലർ, റഫ്രിജറേറ്റർ, വി ഗാർഡ് സ്റ്റബിലൈസർ എന്നിവ 06/12/2024 ന് രാവിലെ 11.30 മണിക്ക് ഫാം പരിസരത്തുവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പിന്നാമ്പുറങ്ങളിലെ മത്സ്യ വിത്തുൽപാദനം (കരിമീൻ, വരാൽ) എന്ന പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചു. യൂണിറ്റ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോസ്റ്റ് മൂന്ന് ലക്ഷം, സബ്സിഡി 40 ശതമാനം. താല്പര്യമുള്ളവർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷകൾ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മലമ്പുഴ, പാലക്കാട്, പിൻ 678651 എന്ന വിലാസത്തിലോ മണ്ണാർക്കാട്, ചുള്ളിയാർ, ആലത്തൂർ എന്നീ മത്സ്യഭവനുകളിലോ ഡിസംബർ ഏഴിനകം ലഭ്യമാക്കണം. ഫോൺ 04912815245.

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ഫാമിലെ മുൻവശത്തുള്ള മെറ്റാലിക് ബോർഡ് പെയിന്റ് ചെയ്യേണ്ടതും മെറ്റൽ പോളിഷ് ഉപയോഗിച്ച് വൃത്തിയാക്കേണ്ടതും, ബോർഡിലുള്ള റിഫ്ലക്ടർ ലൈറ്റുകൾ റിപ്പയർ ചേയ്യേണ്ടതിനുമായി ഏജൻസികളിൽ നിന്നും മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻ സൂപ്രണ്ട്, ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതും, ക്വട്ടേഷൻ കവറിനു പുറത്ത് ഫാമിലെ മെറ്റാലിക്ബോർഡ് മെയിന്റനൻസ് സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 07/12/2024 രാവിലെ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. മൃഗസംരക്ഷണ വകുപ്പ് കാസർഗോഡ് ജില്ലയിൽ ബ്ലോക്കടിസ്ഥാനത്തിൽ നടപ്പിലാക്കിയ വീട്ടുപടിക്കൽ രാത്രികാല മൃഗചികിത്സാ സേവനം പ്രവർത്തനത്തിനായി വെറ്ററിനറി സർജൻ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ 89 ദിവസത്തേക്ക് താൽക്കാലിക നിയമനം നടത്തുന്നു. മഞ്ചേശ്വരം, കാസർകോട്, പരപ്പ, കാഞ്ഞങ്ങാട്, ബ്ലോക്കിലാണ് നിയമനം.. വെറ്ററിനറി സയൻസിൽ ബിരുദവും കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത. കൂടിക്കാഴ്ച്ച 2024 ഡിസംബർ 3 ന് രാവിലെ 11 ന് കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നടക്കും. ഫോൺ 04994 255483.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### പരിശീലന പരിപാടി

7. റബ്ബർബോർഡിലെ എഞ്ചിനീയറിങ് ആന്റ് പ്രൊസസിങ് ഡിവിഷന്റെ കീഴിലുള്ള സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 'അനലിറ്റിക്കൽ ട്രെയിനി' കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അഭിമുഖം (വാക്ക് ഇൻ ഇന്റർവ്യൂ) നടത്തുന്നു. അപേക്ഷകർക്ക് രസതന്ത്രത്തിൽ ബിരുദമോ ബിരുദാനന്തരബിരുദമോ അല്ലെങ്കിൽ പോളിമർ ടെക്നോളജിയിൽ ഡിപ്ലോമയോ ഉണ്ടായിരിക്കണം. 60 ശതമാനത്തിൽ കുറയാതെ മാർക്കും ഉണ്ടായിരിക്കണം. 2024 നവംബർ -01 ന് 25 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ, ജോയിന്റ് ഡയറക്ടർ (പി ആന്റ് ക്യുസി) മുമ്പാകെ 2024 ഡിസംബർ 06-ന് രാവിലെ 10 മണിക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ: 0481 2353311 (എക്സ്റ്റൻഷൻ236)

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം